പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 17, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| മുഖ്യമന്ത്രി |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

കേരള പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം

*301. ശ്രീ.യു. ആർ. പ്രദീപ്

,, എ. എൻ. ഷംസീർ

,, രാജു എബ്രഹാം

,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പ്രവാസിക്ഷേമ താല്പര്യത്തിന്റെ ഫലമായി കേരള പ്രവാസിക്ഷേമ ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കാനായിട്ടുണ്ടോ; പ്രവാസി ക്ഷേമനിധിയിലെ അംഗസംഖ്യ മൂന്നു മടങ്ങായി വർദ്ധിപ്പിക്കാനായത് ഇനിയും വിപുലീകരിക്കാനായി ക്ഷേമനിധി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ;

(ബി) ആഗോള പ്രവാസി രജിസ്റ്റർ ഏർപ്പെടുത്തുന്നതിനും പ്രവാസികൾക്ക് പ്രത്യേക ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി ആരംഭിച്ചിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ്യം വ്യക്തമാക്കാമോ; പ്രവാസി ഡിവിഡന്റ് പദ്ധതിക്ക് പ്രവാസികളുടെയിടയിൽ സ്വീകാര്യത നേടിയെടുക്കുന്നതിന് നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

അനാഥാലയങ്ങളുടെ നടത്തിപ്പ് നിയന്ത്രിക്കുവാൻ നടപടി

*302. ശ്രീ.ബി.ഡി. ദേവസ്സി

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.കെ.യു. ജനീഷ് കുമാർ

,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപനാധികൃതരുടെ അനാശാസ്യപ്രവൃത്തികളെ എതിർത്തതിനും ആയുധപരിശീലനത്തിന് വിസമ്മതിച്ചതിനും അടൂർ ചേന്നംപള്ളിയിൽ വിവേകാനന്ദ ബാലാശ്രമത്തിലെ കുട്ടികളെ സ്ഥാപന നടത്തിപ്പുകാർ ക്രൂരമായി മർദിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ അനാഥാലയങ്ങളുടെ നടത്തിപ്പ് കർശന പരിശോധനയ്ക്ക് വിധേയമാക്കുമോ;

(ബി) സാമൂഹ്യ സേവന സംഘടനകളുടെ മറവിൽ വർഗ്ഗീയ സംഘടനകൾ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നുണ്ടോയെന്നും നിസ്സഹായരായ കുട്ടികളെ മാനസിക ശാരീരിക പീഡനത്തിനും ദുർവൃത്തിക്കും ഇരയാക്കുന്നുണ്ടോയെന്നും സാമൂഹ്യനീതി വകുപ്പിന്റെ പരിശോധനയോടൊപ്പം സോഷ്യൽ ഓഡിറ്റ് കൂടി സാധ്യമാകുമോയെന്നും പരിശോധിക്കുമോ;

(സി) വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ സർക്കാർ അഗതി മന്ദിരങ്ങളിൽ പോലും ക്രമക്കേട് നടക്കുന്നതായി കണ്ടെത്തിയതിനാൽ ഇത്തരം സ്ഥാപനങ്ങൾ നിയമാനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമോ?

<u>മദ്യപാനം മൂലമുള്ള രോഗാവസ്ഥയ്ക്ക് ചികിത്സ തേടുന്നവർ</u>

*303. ശ്രീ.കെ.എം.ഷാജി

,, ടി. വി. ഇബ്രാഹിം

,, കെ.എൻ.എ ഖാദർ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ രോഗാവസ്ഥയ്ക്ക് മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവ കാരണമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനോടൊപ്പം വിവരശേഖരണം നടത്തുന്നതിനും നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ചികിത്സ തേടുന്നവരുടെ പ്രതിവർഷ ശരാശരി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ വിവരശേഖരണം നടത്തുന്നതിന് സംവിധാനമില്ലെങ്കിൽ അത് ഏർപ്പെടുത്തുവാൻ തയ്യാറാവുമോ; അറിയിക്കാമോ;

(ഡി) അമിത മദ്യപാനംമൂലം ആശുപത്രി ചികിത്സയ്ക്കിടെ മരണമടയുന്നവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ 2019-ൽ അതെത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

<u>തീരക്കടൽ യാത്രയും ചരക്കുകടത്തും</u>

*304. ശ്രീ.എം. രാജഗോപാലൻ

,, എസ്.ശർമ്മ

,, എം. മുകേഷ്

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവും സംസ്ഥാനത്തെ ഹൈവേകളിലെ അമിത വാഹന സാന്ദ്രത കുറയ്ക്കാൻ പ്രയോജനപ്രദമായതുമായ തീരക്കടൽ ചരക്കുകടത്തും യാത്രയും

യാഥാർത്ഥ്യമാക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് നടത്തിയ പഠനത്തിൽ അതിന്റെ വിജയസാധ്യതയെക്കുറിച്ച് അനുകൂലമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പഠന റിപ്പോർട്ടിൽ നൽകിയിട്ടുള്ളത്; അവ പ്രാവർത്തികമാക്കുന്നതിന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ആശുപത്രികളിൽ ശിശുക്കൾക്കായി ആധുനിക സൗകര്യങ്ങൾ</u>

*305. ശ്രീ.ആർ. രാമചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുമരണ നിരക്ക് കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നവജാത ശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി നടപ്പാക്കുന്ന ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) ആശുപത്രികളിലെ പ്രസവമുറികളും ഓപ്പറേഷൻ തീയേറ്ററുകളും ആധുനികവൽക്കരിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ശിശുമരണം ജനിതക രോഗങ്ങൾ, നേരത്തേയുള്ള പ്രസവം എന്നിവ ഒഴിവാക്കുന്നതിന് എന്തൊക്കെ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ?

<u>കുറ്റകൃത്യങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനുമുള്ള പങ്ക്</u>

*306. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, പി.കെ.ബഷീർ

,, എൻ. ഷംസുദ്ദീൻ

,, ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന റോഡപകടങ്ങൾ, അപകടമരണങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ളതുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ മദ്യത്തിനും മയക്കുമരുന്നുകൾക്കുമുള്ള പങ്കിനെക്കുറിച്ച് ഏതെങ്കിലും പഠനം സമീപകാലത്തുണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ, പോലീസ്, എക്സൈസ്, ഗതാഗതം എന്നീ വകുപ്പുകളിൽ ഉള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്താൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ;

(സി) കുറ്റകൃത്യങ്ങൾ, അപകടങ്ങൾ,ആത്മഹത്യകൾ എന്നിവ അന്വേഷിക്കുമ്പോൾ അവ മദ്യം, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ടായിരുന്നോ എന്ന കാര്യം കൂടി അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

## പരാതി പരിഹാര സംവിധാനം

*307. ശ്രീ.കെ. ദാസൻ

,, സി.കൃഷ്ണൻ

,, പി.കെ. ശശി

,, വി. ജോയി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരകേന്ദ്രീകൃത ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) 2016ൽ ഈ സർക്കാർ അധികാരത്തിലെത്തും മുമ്പ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന ഒരു പരാതി തീർപ്പാക്കാൻ ശരാശരി എത്ര സമയം എടുത്തിരുന്നു; ഇപ്പോൾ അത് എത്ര ദിവസമായി ചുരുങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം തേടിക്കൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; സാധുവായ അപേക്ഷ ലഭിച്ചാൽ ശരാശരി എത്ര സമയത്തിനകം സഹായം എത്തിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇ-ഗവേണൻസ് ശക്തീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

## കൊറോണ വൈറസ് വ്യാപനത്തിനെതിരെ മുൻകരുതൽ

*308. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ വീണ്ടും കൊറോണ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ഇതിനെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മുൻപ് കൊറോണ വൈറസ് ബാധിച്ചവർക്ക് വീണ്ടും വൈറസ് ബാധയുണ്ടാകാനുള്ള സാഹചര്യമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ ആരോഗ്യനില സസൂക്ഷ്മം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പൊതുസ്ഥലങ്ങളിൽ ആളുകൾ കൂടുതൽ ഇടപഴകരുത് എന്നതടക്കമുള്ള ജാഗ്രത നിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം മുന്നോട്ടുവച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആന്റിബയോട്ടിക് മരുന്നുകളുടെ ഉപയോഗത്തിനായി മാർഗ്ഗനിർദ്ദേശം

*309. ശ്രീ.പി.വി. അൻവർ

,, സി. കെ. ശശീന്ദ്രൻ

,, വി. അബ്ദുറഹിമാൻ

,, കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റി ബയോട്ടിക്കുകളുടെ അശാസ്ത്രീയ ഉപയോഗം ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് എന്ന സ്ഥിതിയിലേക്ക് നയിക്കാനിടയുണ്ടെന്നതിനാൽ ആന്റിബയോട്ടിക് മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മെഡിക്കൽ സ്റ്റോറുകൾ വഴിയും സ്വകാര്യ ആശുപത്രി ഫാർമസികൾ വഴിയും വിൽക്കുന്ന അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(സി) പരിശോധനക്കായി ശേഖരിക്കുന്ന മരുന്നുകൾ വിപണി വില നൽകി വാങ്ങേണ്ടി വരുന്നത് ഗുണനിലവാര പരിശോധനാ സാമ്പിളുകളുടെ എണ്ണം കുറയാൻ ഇടയാക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള മരുന്നുകൾ അനധികൃതമായി ഓൺലൈൻ മുഖേന സുലഭമായി ലഭിക്കുന്നത് സൃഷ്ടിക്കുന്ന ഗുരുതര പ്രശ്നം പരിഹരിക്കാൻ എന്തു മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡൽഹിയിൽ സ്പെഷ്യൽ റെപ്രസെന്റേറ്റീവിന്റെ നിയമനം

*310. ശ്രീ.എം. വിൻസെന്റ്

,, വി.ടി.ബൽറാം

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എം.പി. എ.സമ്പത്തിനെ ഡൽഹിയിൽ ക്യാബിനറ്റ് റാങ്കോടെ സ്പെഷ്യൽ റെപ്രസെന്റേറ്റീവായി നിയമിച്ചത് എന്തൊക്കെ ചുമതലകൾ നിർവ്വഹിക്കുവാനാണെന്ന് അറിയിക്കുമോ;

(ബി) ഡൽഹിയിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി ഐ.എ.എസ്. റാങ്കിലുള്ള റെസിഡന്റ് കമ്മീഷണറും അഡീഷണൽ റെസിഡന്റ് കമ്മീഷണറും ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ നിലവിലുള്ളപ്പോൾ സ്പെഷ്യൽ റെപ്രസെന്റേറ്റീവിനെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇപ്രകാരം നിയമിച്ചതിലൂടെ സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ ആവശ്യങ്ങൾ കേന്ദ്രത്തെ കൃത്യമായി ധരിപ്പിക്കുന്നതിനും അതിൽ സമയബന്ധിതമായി നടപടിയെടുപ്പിക്കുന്നതിനും സാധിച്ചു എന്നറിയിക്കാമോ;

(ഡി) ഏതൊക്കെ കാര്യങ്ങളാണ് അദ്ദേഹത്തിന്റെ ഇടപെടൽ ഉണ്ടായിട്ടും സാധിക്കാതെ പോയത്; വിശദമാക്കുമോ?

## സപ്ലൈകോയുടെ ശക്തീകരണത്തിന് നടപടി

*311. ശ്രീ.എസ്.രാജേന്ദ്രൻ

,, മുരളി പെരുനെല്ലി

ശ്രീമതി യു. പ്രതിഭ

ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വിപണിയിടപെടൽ, നെൽസംഭരണം എന്നീ പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വിഹിതമെത്രയാണ്; തുക യഥാസമയം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട കുടിശ്ശിക നെൽസംഭരണത്തെ ബാധിക്കാതിരിക്കാനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കൊയ്ത്തുകാലത്ത് സംസ്ഥാനത്തെ സ്വകാര്യ അരിമില്ലുകൾ വിവിധ മാർഗങ്ങളിലൂടെ കർഷകരെ സമ്മർദ്ദത്തിലാക്കുന്നത് പതിവാക്കിയിരിക്കുന്നതിനാൽ നെൽസംഭരണം കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

*312. ശ്രീ.സജി ചെറിയാൻ

,, റ്റി.വി.രാജേഷ്

,, കെ.ഡി. പ്രസേനൻ

,, വി.കെ.പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സംവിധാനം ആധുനികീകരിക്കുന്നതിന്റെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം പോലീസ് സ്റ്റേഷനുകൾ കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടം അറിയിക്കാമോ;

(ബി) നിലവിൽ ഓൺലൈനായി എഫ്.ഐ.ആർ. സമർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പോലീസിന്റെ ഇടപെടലിലെ നിഷ്പക്ഷതയും കാര്യക്ഷമതയും നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ഉന്നത പോലീസ് ഉദ്യോഗസ്ഥർ പരാതിക്കാരെ ഫോണിൽ വിളിച്ച് പ്രതികരണം തേടാൻ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) പോലീസ് സേവനം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നറിയിക്കാമോ?

## പ്രവാസികളുടെ ക്ഷേമത്തിനുള്ള നടപടികൾ

*313. ശ്രീ.പി.ജെ.ജോസഫ്

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമം സംബന്ധിച്ച് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വിദേശ മലയാളികൾക്ക് കേരളത്തിൽ സുരക്ഷിതമായി നിക്ഷേപം നടത്തുന്നതിനും സർക്കാർ സേവനങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പ്രവാസികളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്വന്തം വിമാന കമ്പനി രൂപീകരണം സംബന്ധിച്ച് തീരുമാനം നിലവിലുണ്ടോ?

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ

*314. ശ്രീ.എ. പ്രദീപ്കുമാർ

,, ആന്റണി ജോൺ

,, കെ. ബാബു

,, ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി രംഗത്ത് വൈദഗ്ദ്ധ്യം ആർജ്ജിച്ചിട്ടുള്ള യുവാക്കളെയും വിദ്യാർത്ഥികളെയും സംരംഭകത്വത്തിന് പ്രേരിപ്പിക്കുകയെന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ ലക്ഷ്യത്തിന്റെയടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനത്തിന് അന്താരാഷ്ട്ര അംഗീകാരം നേടാൻ സാധ്യമായിട്ടുണ്ടോ;

(ബി) 'സീഡിംഗ് കേരള' പോലെ സ്റ്റാർട്ടപ്പുകൾക്കായുള്ള നിക്ഷേപക സംഗമങ്ങൾ എത്ര ഫലപ്രാപ്തി കൈവരിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) സ്റ്റാർട്ടപ്പുകൾ നേരിടുന്ന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിന് പുതുതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

## നെല്ല് സംഭരണ പദ്ധതി

*315. ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീമതി ഗീതാ ഗോപി

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നെല്ല് സംഭരണ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നെല്ല് സംഭരണം ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ്

നടപ്പാക്കുന്നത് എന്നറിയിക്കുമോ;

(സി) 31.03.2020 വരെ നിലനിൽക്കുന്ന വായ്പകളുടെ മോറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പക്ക് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പി.ആർ.എസ്. വായ്പയുടെ കാലാവധി ഒരു വർഷം ആക്കുന്നതിനായി റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് സംസ്ഥാനത്ത് തന്നെ വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിബന്ധനയുണ്ടോ; ആയത് മൂലം സംസ്ഥാനത്ത് എഫ്.സി.ഐ.യുടെ പച്ചരി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യക്ഷമത</u>

*316. ശ്രീ.ബി.സത്യൻ

,, എം. സ്വരാജ്

,, ആർ. രാജേഷ്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം സംസ്ഥാന സിവിൽ സർവ്വീസിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്തി ഫയൽ കുടിശ്ശിക ഇല്ലാതാക്കാൻ നടപടിയെടുത്തിരുന്നോ;

(ബി) ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങി സാങ്കേതികവിദ്യാധിഷ്ഠിത സേവനം സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉപകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) ജാത്യാടിസ്ഥാനത്തിലുള്ള സംവരണത്തിന് അർഹതയില്ലാത്ത വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സാമ്പത്തികാടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിച്ച് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>കോവിഡ് **19** വ്യാപനം തടയാൻ സംവിധാനം</u>

*317. ശ്രീ.റോജി എം. ജോൺ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, ടി.ജെ. വിനോദ്

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 വൈറസ്ബാധ മധ്യേഷ്യ, ആഫ്രിക്ക, വടക്കേ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ കൂടുതൽ ആളുകളിലേക്ക് പടരുന്നത് മൂലമുള്ള സ്ഥിതിവിശേഷം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) രോഗം മറ്റ് രാജ്യങ്ങളിലേയ്ക്ക് കൂടുതൽ വ്യാപിക്കുവാൻ സാധ്യതയുണ്ടെന്നും മുൻകരുതലുകൾ സ്വീകരിക്കണമെന്നും ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടതനുസരിച്ച് എന്തൊക്കെ മുൻകരുതലുകളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ സംസ്ഥാനത്ത് മേൽപ്പറഞ്ഞ രാജ്യങ്ങളിൽ നിന്നും എത്തുന്നവരെ നിരീക്ഷിക്കുന്നതിനും ക്വാറന്റയിൻ ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇത്തരം വൈറസുകളുടെ വ്യാപനം തടയുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ക്വാറന്റയിൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>പോലീസ് സേനയിൽ ആധുനിക സജ്ജീകരണങ്ങൾ</u>

*318. ശ്രീ.സി. ദിവാകരൻ

,, മുല്ലക്കര രത്നാകരൻ

,, ഇ.കെ.വിജയൻ

,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ മികവുറ്റതാക്കുന്നതിന്റെ ഭാഗമായി കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി ട്രേസ് മൈ ട്രിപ്പ്, ട്രാഫിക് ഗുരു തുടങ്ങിയ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) മറ്റെന്തൊക്കെ ആപ്ലിക്കേഷനുകൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും അവ സംയോജിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ;

(ഡി) കേസ്സന്വേഷണം എളുപ്പമാക്കുന്നതിന് ബോഡിവോൺ ക്യാമറകൾ, സി.സി.ടി.വി. ക്യാമറകൾ, വെഹിക്കിൾ മൗണ്ടഡ് ജി.പി.എസ്. ഉൾപ്പെടെയുള്ള എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നത് എന്നറിയിക്കുമോ;

(ഇ) ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം പോലീസിൽ എല്ലായിടത്തും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(എഫ്) തീരദേശ സുരക്ഷയ്ക്കായി എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ?

<u>അമിത മരുന്നുപയോഗം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ</u>

*319. ശ്രീ.പാറക്കൽ അബ്ദുല്ല

ഡോ.എം. കെ. മുനീർ

ശ്രീ.സി.മമ്മൂട്ടി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായി മരുന്നുകൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സംസ്ഥാനത്ത് വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അമിത മരുന്നുപയോഗം തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മരുന്നു ലോബിയുടെ വ്യാജ പ്രചരണങ്ങളിൽ കുടുങ്ങി അംഗീകൃത ചികിത്സകരുടെ നിർദ്ദേശമില്ലാതെ തന്നെ മരുന്നുകൾ വാങ്ങി അമിതമായി ഉപയോഗിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

*320. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, എസ്.ശർമ്മ

ശ്രീമതിപി. അയിഷാ പോറ്റി

ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയനൈരാശ്യ കൊലകൾ ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സ്വയം പ്രതിരോധ പരിശീലന സംവിധാനം കാര്യക്ഷമമാണോ എന്ന് വ്യക്തമാക്കാമോ;

(സി) പൂർണ്ണാർത്ഥത്തിൽ പോലീസിൽ സ്ത്രീ തുല്യത വരുത്തുന്നതിന്റെ ഭാഗമായി വനിതാ സിവിൽ പോലീസ് ഓഫീസർ എന്ന തസ്തിക നാമം സിവിൽ പോലീസ് ഓഫീസർ എന്നാക്കി മാറ്റുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ഡി) സ്ത്രീത്വത്തെ അപമാനിക്കുന്ന കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നൽകി വരുന്ന പോലീസ് സഹായങ്ങൾ എന്തൊക്കെയാണ്; അവരുടെ സ്വകാര്യത നിലനിർത്തുന്നതിന് മൊഴി നൽകുന്നതിനുപോലും സ്റ്റേഷനിലേക്ക് വിളിപ്പിക്കരുതെന്ന കർശന നിർദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

വാളയാറിലെ പെൺകുട്ടികളുടെ മരണം

*321. ശ്രീ.കെ.എൻ.എ ഖാദർ

,, എൻ .എ.നെല്ലിക്കുന്ന്

,, പാറക്കൽ അബ്ദുല്ല

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിലെ രണ്ട് പെൺകുട്ടികളുടെ മരണത്തിനിടയാക്കിയ സംഭവത്തിലെ പ്രതികളെ വെറുതെ വിട്ടതിൽ പ്രോസിക്യൂഷന് വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കി മരണപ്പെട്ട പെൺകുട്ടികളോടും കുടുംബത്തോടും നീതി പുലർത്താൻ എന്തൊക്കെ നിയമനടപടികൾ സ്വീകരിക്കാനാവുമെന്നത് സംബന്ധിച്ച് ആരിൽ നിന്നെല്ലാം നിയമോപദേശം തേടിയിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കോടതിയുടെ അനുമതിയോടെ കുറ്റമറ്റ പുനരന്വേഷണം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പി.എസ്.സി പരീക്ഷ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി

*322. ശ്രീ.പി.ടി. തോമസ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, കെ.സി.ജോസഫ്

,, ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുവാൻ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പി.എസ്.സി പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നും അറിയിക്കാമോ;

(ബി) കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ചില വിദ്യാർത്ഥി സംഘടനാ നേതാക്കൾ പരീക്ഷാത്തട്ടിപ്പിലൂടെ ഉയർന്ന റാങ്ക് നേടിയത് പി.എസ്.സി. യുടെ വിശ്വാസ്യതയെ എത്രമാത്രം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിനും പി.എസ്.സി.യെ പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടുപോകുന്നതിനും ആവശ്യമായ തിരുത്തൽ നടപടികൾ പി.എസ്.സി.യിൽത്തന്നെ നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) നാല് ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ പ്രാഥമിക പരീക്ഷ എഴുതിയ കെ.എ.എസ്. പരീക്ഷയിൽ പോലും ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ പാകപ്പിഴ വന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ;

(ഇ) കെ.എ.എസ്. പരീക്ഷയുടെ പാറ്റേൺ തലസ്ഥാനത്തെ പല കോച്ചിംഗ് സെന്ററുകൾക്കും നേരത്തേ ലഭിച്ചുവെന്നും അവർ അതനുസരിച്ച് പരീക്ഷാർത്ഥികൾക്ക് പരിശീലനം നൽകി എന്നതും വസ്തുതയാണോ എന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ സേവനങ്ങൾ അഴിമതിരഹിതമായി നൽകുന്നതിന് നടപടി</u>

*323. ശ്രീ.വി. കെ. സി. മമ്മത് കോയ

,, ജെയിംസ് മാത്യു

,, പി. ഉണ്ണി

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ കാര്യക്ഷമതയോടെയും അഴിമതിരഹിതമായും നൽകുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ;

(ബി) അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേരളത്തിൽ ഇപ്പോഴും പത്ത് ശതമാനം ആളുകൾ കാര്യങ്ങൾ സാധിച്ചുകിട്ടാൻ കൈക്കൂലി നൽകുന്നുണ്ടെന്ന നിഗമനത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര വിജിലൻസ് സംവിധാനത്തോടൊപ്പം വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയെയും ശക്തിപ്പെടുത്തുന്നതിന് നടപടിയെടുക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണ നേതൃത്വ തലത്തിൽ നടന്ന അഴിമതികൾ സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ?

<u>പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള പ്രവർത്തനങ്ങൾ</u>

*324. ശ്രീ.എം. മുകേഷ്

,, കെ.വി.അബ്ദുൾ ഖാദർ

,, എസ്.രാജേന്ദ്രൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി ആരോഗ്യ ജാഗ്രത എന്ന പേരിൽ കർമ്മപരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പരിസര ശുചിത്വം, വ്യക്തി ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുകളുടെ ഉറവിട നശീകരണം തുടങ്ങി പൊതുജന പങ്കാളിത്തം ആവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഇത് സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾക്കും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ?

<u>സ്മാരകങ്ങളുടെ സംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ</u>

*325. ശ്രീ.കെ.ജെ. മാക്സി

,, ജോൺ ഫെർണാണ്ടസ്

,, കെ.കുഞ്ഞിരാമൻ

,, ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ച് വരുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ചരിത്രപഠനത്തിനും ഗവേഷണത്തിനും വിനോദസഞ്ചാരത്തിനും മറ്റുമായി ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഭക്ഷ്യോപദേശക വിജിലൻസ് സമിതി</u>

*326. ശ്രീ.കെ.ഡി. പ്രസേനൻ

,, ആർ. രാജേഷ്

,, കാരാട്ട് റസാഖ്

,, റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിനായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന</u>

*327. ശ്രീ.ഇ.കെ.വിജയൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ.വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ, കുടിവെള്ളം, ജ്യൂസുകൾ, ഡ്രിംഗ്സുകൾ എന്നിവയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ;

(ബി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള ക്വിക്ക് ഡിറ്റക്ഷൻ ഓഫ് അഡൽറ്ററേഷൻ ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ആയത് സംസ്ഥാനത്ത് എവിടെയൊക്കെ നിലവിലുണ്ടെന്നും അറിയിക്കുമോ;

(സി) ഉത്സവ സീസണുകളിലും വേനൽക്കാലത്തും പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷ പരിശോധന നടത്തുമോ; വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ ബോധിപ്പിക്കുന്നതിനും ആയതിന് ഉടനടി പരിഹാരം ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കുമോ;

(ഇ) ഇത്തരം പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തുന്ന അവസരങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കാൻ നടപടി</u>

*328. ശ്രീ.ടി. വി. ഇബ്രാഹിം

,, എം.ഉമ്മർ

,, പി.കെ.ബഷീർ

ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണത്തിന്റെ വേഗതയും കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നൂതന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സെക്രട്ടേറിയറ്റിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് സബോർഡിനേറ്റ് ഓഫീസുകളിലേക്ക് അയക്കുന്ന അന്വേഷണങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഭിന്നശേഷിക്കാരുടെ സമഗ്ര പുരോഗതി</u>

*329. ശ്രീ.വി. അബ്ദുറഹിമാൻ

,, എ. പ്രദീപ്കുമാർ

,, ബി.സത്യൻ

,, യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ സമഗ്ര പുരോഗതിയ്ക്കായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇത്തരം പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിന്റെ ഫലമായി രാജ്യത്തെ ഏറ്റവും മികച്ച ഭിന്നശേഷി സംരക്ഷണ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കും പരിചരണത്തിനുമായി നടപ്പു ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പ്രത്യേക സ്കീം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>അംഗപരിമിതർക്കായുള്ള അനുയാത്ര പദ്ധതി</u>

*330. ശ്രീ.റ്റി.വി.രാജേഷ്

,, പി.കെ. ശശി

,, എം. നൗഷാദ്

,, സി.കെ. ഹരീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലമാണ്;

(ബി) അംഗപരിമിതർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ അംഗപരിമിതസൗഹൃദമാക്കുന്നതിനും അവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി അനുയാത്ര പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി ഹെൽപ്പ് ഡെസ്ക്

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

08-03-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].